## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2271** **09-02-2023 - ൽ മറുപടിയ്ക്ക്**

### ശ്രീ. ഗോപി.വി യുടെ സർവ്വീസ് ആനുകൂല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരവെ 2006-ൽ അന്തരിച്ച ശ്രീ.ഗോപി.വി യുടെ സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായിരുന്ന ഗോപി.വി. 25.08.2006 ൽ മരണപ്പെട്ടിരുന്നുവെങ്കിലും 18.02.2022 ലാണ് സർവീസ് ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ടിയാന്റെ ഭാര്യ തിരുവനന്തപുരം നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ(നഗരകാര്യ) വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ സ്വീകരിച്ചു വരുന്നു. ആശ്രിത നിയമനത്തിന് അപേക്ഷിക്കുവാനുള്ള സമയപരിധി ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ 2 വർഷവും അവകാശി മൈനർ ആണെങ്കിൽ മേജർ ആയി 3 വർഷത്തിനകവും ആണ്. ഇക്കാര്യത്തിൽ നഗരസഭാ തലത്തിൽ ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സ്പഷ്ടീകരണം തേടിയിട്ടുള്ളതാണ്.ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സർവ്വീസ് ആനുകൂല്യങ്ങളും ആശ്രിത നിയമനവും നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായിരുന്ന ഗോപി.വി. 25.08.2006 ൽ മരണപ്പെട്ടിരുന്നുവെങ്കിലും 18.02.2022 ലാണ് സർവീസ് ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ടിയാന്റെ ഭാര്യ തിരുവനന്തപുരം നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ(നഗരകാര്യ) വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ സ്വീകരിച്ചു വരുന്നു. ആശ്രിത നിയമനത്തിന് അപേക്ഷിക്കുവാനുള്ള സമയപരിധി ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ 2 വർഷവും അവകാശി മൈനർ ആണെങ്കിൽ മേജർ ആയി 3 വർഷത്തിനകവും ആണ്. ഇക്കാര്യത്തിൽ നഗരസഭാ തലത്തിൽ ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സ്പഷ്ടീകരണം തേടിയിട്ടുള്ളതാണ്.ആയത് സർക്കാരിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | തിരുവനന്തപുരം നഗരസഭയിൽ നിന്നും ടി വിഷയവുമായി ബന്ധപ്പെട്ട് നഗരകാര്യ ഡയറക്ടർക്ക് 17.11.22-ലെ ജി.സി.3/12738/22 നമ്പർ പ്രകാരം ലഭിച്ച കത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | 3 വർഷത്തിനുശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സർക്കാർ അനുമതിയ്ക്കായി ശിപാർശ ചെയ്യുന്നതിന് കൗൺസിൽ തീരുമാനം ഉൾപ്പെടെയുള്ള അധിക വിവരങ്ങൾ ആവശ്യപ്പെട്ട് 03.02.2023തീയതിയിലെ DUA/1027/2023-E2 നമ്പർ പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്ക് തദ്ദേശസ്വയംഭരണ(നഗരകാര്യ )വകുപ്പ് ഡയറക്ടർ കത്തയച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ